**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ലിവിംഗ് സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രാനുകൂല്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ സർക്കാർ സംവിധാനങ്ങൾ പരാജയമാണെന്ന് ആക്ഷേപം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗ്രാമീണ കുടുംബങ്ങൾക്ക് പ്രത്യേക ആനുകൂല്യം നൽകുന്ന കേന്ദ്രപദ്ധതിയുടെ ഭാഗമായുള്ള ഈസ് ഓഫ് ലിവിംഗ് സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഈസ് ഓഫ് ലിവിംഗ് സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ:- സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ സർവ്വേ നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് മുഖ്യ ചുമതല നൽകി. സർവേ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് തലവന്മാരെ ഉൾപ്പെടുത്തി ഏകോപന സമിതി രൂപീകരിച്ചു. സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ ഗവേണിംഗ് സെല്ലുകൾ രൂപീകരിച്ചു. ജനപ്രതിനിധികൾ, കുടുംബശ്രീ, വാർഡ്തല ശുചിത്വ സമിതി മുതലായ സംവിധാനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സർവ്വേ വിവര ശേഖരണത്തിനുള്ള പൂർണ ചുമതല ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകി. പൂരിപ്പിച്ച ചോദ്യാവലികൾ സർവ്വേ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള ചുമതല സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർക്ക് നൽകി 14 ജില്ലകളിലും ഫീൽഡ് തല സർവ്വേ പൂർത്തിയായിട്ടുണ്ട് 74% ഡാറ്റാ അപ് ലോഡിംഗ് പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വേ നടപടികൾ ജൂലൈ 31-നകം പൂർത്തിയാക്കുന്നതാണ്. |
| (സി) | നിലവിലെ കോവിഡ് സാഹചര്യത്തിൽ സർവ്വേ | (സി) | സർവ്വേ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത |

| | | | |
|---|---|---|---|
| | യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ കേന്ദ്രാനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ചുള്ള കേന്ദ്രനിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | സാഹചര്യം നിലവിലില്ല |

സെക്ഷൻ ഓഫീസർ